# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുരുവട്ടൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/KKD/P3/2064/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 03/12/2022
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുരുവട്ടൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുരുവട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുരുവട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/KKD/P3/2064/2022 തീയ്യതി: 03/12/2022

## കോഴിക്കോട് ജില്ലയിലെ കുരുവട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കുരുവട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 16-10-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.രതസിംഗ് കെ.പി | ഡെപ്യൂട്ടി ഡയറക്ടർ | 17-10-2022 | 22-10-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 17-10-2022 | 22-10-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സതീഷ് കുമാർ. കെ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി. പ്രസീത കുമാരി. എം, ഓഡിറ്റ് ഓഫീസർ
ശ്രീമതി. ദിശ ആർ.കെ. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. ധന്യ.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ജാസിർ. സി.എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. റെൻസി.ഇ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. സരിത. എ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി. റോസമ്മ ജേക്കബ് | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. സോണിയ. പി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീ. രൂപക് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി. ഡോ. ജിഷ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ശ്രീമതി. ഡോ. സുജ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ശ്രീമതി. ഡോ. ബിന്ദു ജോസഫ് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 31-03-2022 |
| ശ്രീ. അബ്ദുൾ കരീം | ഹെഡ് മാസ്റ്റർ | 01-04-2021 | 31-03-2022 |
| ശ്രീമതി. വത്സല | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി. ഡോ. ജെസ്സി | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി.ഷീജ. സി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി. ശർമ്മിള. കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ. ആഷിക്. കെ.ടി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി. റുമൈസ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീ. സുനീർ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീറ്റ് ആന്റ് പേയ്മെന്റ് പ്രകാരം ) | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി (MNREGS) അവലോകനം | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | തനത് ഫണ്ടിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച് | 1-10 |
| 12 | സംരംഭക ലൈസൻസ് -അപാകതകൾ | 1-11 |
| 13 | 250 ചതുരശ്ര മീറ്ററിന് മുകളിൽ പാർപ്പിടാവശ്യത്തിനായുള്ള കെട്ടിടങ്ങളുടെ തറ നിർമ്മിതി പരിശോധിച്ച് നികുതി വർദ്ധനവുണ്ടോ എന്നുറപ്പ് വരുത്തേണ്ടതാണ് | 1-12 |
| 14 | സഞ്ചയ സോഫ്റ്റ് വെയറിൽ റോഡുകൾ രേഖപ്പെടുത്തിയത് അപൂർണ്ണം | 1-13 |
| 15 | കെട്ടിട നിർമ്മാണ നിയന്ത്രണം- അപാകതകൾ | 1-14 |
| 16 | തൊഴിൽ നികുതി | 1-15 |
| 17 | അനധികൃത നിർമ്മാണം തുടർ നടപടികൾ സ്വീകരിക്കുന്നില്ല | 1-16 |
| 18 | കുടിവെള്ള പദ്ധതികളുടെ മോട്ടോർ സ്ഥാപിക്കൽ - റെയ്ഡ്കോയ്ക്ക് അമിത നിരക്ക് നൽകി | 1-17 |
| 19 | ഹരിത കർമ്മസേനയുടെ പ്രവർത്തനം -അപാകതകൾ | 1-18 |
| 20 | സ്ട്രീറ്റ് ലൈറ്റ് ചർജ്ജ് - കുടിശ്ശിക സംബന്ധിച്ച്. | 1-19 |
| 21 | സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ – അപാകതകൾ | 1-20 |
| 22 | മരുന്നുകൾ മുഴുവൻ ലഭ്യമായില്ല | 1-21 |
| 23 | അങ്കണവാടികളിൽ അടിസ്ഥാനസൗകര്യങ്ങളുടെ അപര്യാപ്തത | 1-22 |
| 24 | ആയുർവേദ ഡിസ്പെൻസറി വാടക നൽകൽ – അപാകതകൾ | 1-23 |
| 25 | വഴിയോര വിശ്രമ കേന്ദ്രം - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-24 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |

--- No Records Found ---

## ഭാഗം 4


| | | |
|---|---|---|
| 1 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-1 |
| 2 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-2 |
| 3 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിൽ ചെലവഴിക്കാൻ ബാക്കിയുള്ള തുകയുടെ വിശദാംശം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | വായ്പ തിരിച്ചടവ് | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 10 | ചാർജ് സർചാർജ് നടപടികളിലൂടെ തുകകൾ ഈടാക്കിയതിന്റെ വിവരം | 4-9 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |


## അനുബന്ധം


| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 ലെ ബജറ്റ് 17-02-2021 തീയതിയിലെ 45/2021 തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം -ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവും യഥാർത്ഥ വരവ് ചെലവും തമ്മിൽ വൻ അന്തരം കാണുന്നു. ഇതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ഇനം | ബജറ്റ് പ്രകാരം | യഥാർത്ഥത്തിൽ ഉള്ളത് |
|---|---|---|
| മുന്നിരിപ്പ് | 1,25,60,511 | 1,50,84,184 |
| വരവ് | 21,81,85,000 | 18,20,21,516 |
| ചെലവ് | 22,46,57,830 | 17,43,34,308 |
| നീക്കിയിരിപ്പ് | 60,87,681 | 2,27,71,392 |

എ) തനത് വരുമാനം – എസ്റ്റിമേറ്റ് തുക ക്രമാതീതം

തനത് വരുമാന ഹെഡ്ഡുകളിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് വസ്തുതാപരമായല്ല. പ്രധാന വരുമാന സ്രോതസ്സായ നികുതി വരുമാനത്തിൽ മുൻ വർഷ വരുമാനം 52,11,931/-രൂപയാണെന്നിരിക്കേ 60,00,000/-രൂപയുടെ നികുതി വരവ് പ്രതീക്ഷിച്ചത് എങ്ങനെയെന്ന് വ്യക്തമല്ല. കെട്ടിട നികുതി /തൊഴിൽ നികുതി പിരിവിൽ ഇത്രയേറെ വർദ്ധനവിന് ആധാരമായി തൻവർഷം ക്രമാതീതമായി പുതുതായുള്ള കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ചതിന്റേയോ /പുതുതായി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായ സ്ഥാപനങ്ങൾ പഞ്ചായത്തിൽ പ്രവർത്തനം ആരംഭിച്ചതിന്റേയോ രേഖകളില്ലാതിരിക്കേ നികുതി പിരിവിൽ ഇത്രയേറെ വർദ്ധനവ് എങ്ങനെ പ്രതീക്ഷിച്ചു എന്ന് വ്യക്തമല്ല .

മുൻ വർഷത്തിൽ നികുതിയേതര വരുമാനം 8,95,863/-രൂപയാണ് , എന്നാൽ പ്രസ്തുത ഇനത്തിൽ ഈ വർഷം പ്രതീക്ഷിച്ചത് 17,98,000/-രൂപയുടെ (കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 90%) വർദ്ധനവാണ്. ഇത്രയും വർദ്ധനവ് പ്രതീക്ഷിക്കാൻ ആധാരം എന്താണെന്ന് വ്യക്തമല്ല .

വരവിനത്തിലുള്ള വ്യതിയാനത്തിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ഹെഡ്ഡ് | ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം വരവ് | വാർഷിക കണക്ക പ്രകാരം വരവ് |
|---|---|---|
| നികുതി വരുമാനം | 6000000 | 5773397(കുടിശ്ശിക ഉൾപ്പെടെ ) RP(1)+RP(43) |
| വാടക | 203000 | 149438 |
| ഫീസ് & യൂസർചാർജ്ജജസ് | 1160000 | 1124258 |
| സെയിൽ & ഹയർ ചാർജ്ജജസ് | 200000 | 150730 |

മേൽ പ്രകാരം പ്രതീക്ഷിത വരവിന്റെ കാര്യത്തിൽ ബജറ്റ് വ്യതിയാനം വന്നത്, വർഷാവസാനം ബജറ്റ് പുതുക്കി ക്രമീകരിച്ചിട്ടില്ല.
ഭാവിയിൽ ബജറ്റ് കുറ്റമറ്റ രീതിയിൽ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക സമയബന്ധിതമായി 09.05.2022 ന് ഓഡിറ്റിന് (Online ആയി) സമർപ്പിച്ചിട്ടുണ്ട്. വാർഷിക കണക്ക് പരിശോധനയിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

### 1-2-1 വാർഷിക കണക്കുകളിലെ അപാകതകൾ

തൻവർഷത്തെ ഇ – ടെണ്ടർ മുഖേന ലഭിച്ച ടെണ്ടർ ഫോമുകളുടെ വില പഞ്ചായത്ത് ഫണ്ടിൽ വരവ് വെച്ചിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീറ്റ് ആന്റ് പേയ്മെന്റ് പ്രകാരം )

| | |
|---|---|
| മുന്നിരിപ്പ് | 1,50,84,184 |
| വരവ് | 8,85,06,447 |
| ആകെ | 10,35,90,631 |
| ചെലവ് | 8,68,24,062 |
| നീക്കിയിരിപ്പ് | 1,67,66,569 |

## 1-4 ഫണ്ട് വിനിയോഗം

| ഗ്രാന്റ് | വരവ് | ചെലവ് | ബാക്കി | ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 16029813 | 16029813 | 0 | 100 |
| വികസന ഫണ്ട് (എസ്.സി.പി) | 6365770 | 6365770 | 0 | 100 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) ബാങ്ക് വഴി ലഭിച്ചത് | 35,88,847 (64847 പലിശ ഉൾപ്പെടെ) | 35,17,266 | 71,581 | 98 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) ട്രഷറി വഴി ലഭിച്ചത് | 314782 | 267068 | 47714 | 85 |

| | | | | |
|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied)ബാങ്ക് വഴി ലഭിച്ചത് | 52,87,000 | 35,73,702 | 17,13,298 | 68 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied)ട്രഷറി വഴി ലഭിച്ചത് | 38,22,145 | 35,42,569 | 2,79,576 | 93 |
| മെയിന്റനൻസ് – റോഡ് | 44,93,547 | 44,93,547 | 0 | 100 |
| മെയിന്റനൻസ്- നോൺ-റോഡ് | 34,48,328 | 34,48,328 | 0 | 100 |
| ആകെ | 4,33,50,592 | 4,12,38,423 | 21,12,169 | |

സാമ്പത്തിക വർഷത്തിൽ വിവിധ ഫണ്ടിനങ്ങളിൽ വാർഷിക പദ്ധതിയ്ക്കായി സർക്കാരിൽ നിന്നും ലഭ്യമായ 4,33,50,592/- രൂപയിൽ 4,12,38,423 /-രൂപ (95%) പഞ്ചായത്തിന് ചെലവഴിക്കാൻ കഴിഞ്ഞു. ട്രഷറി വഴി ലഭിച്ച സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റിന് (Tied) 2,79,576/- രൂപയും അൺടൈഡ് ഇനത്തിൽ ലഭിച്ച 47714 രൂപയും സാമ്പത്തിക വർഷത്തിൽ ചെലവഴിക്കാൻ കഴിയാതെ പഞ്ചായത്തിന് നഷ്ടപ്പെട്ടിട്ടുണ്ട്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷത്തിൽ പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിന്റെയും ആയത് നടപ്പിലാക്കിയതിന്റെയും വിശദ വിവരം താഴെക്കൊടുക്കുന്നു.

| അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ | പദ്ധതി അടങ്കൽ | നടപ്പിലാക്കിയ പ്രൊജക്ടുകളുടെ എണ്ണം | നടപ്പിലാക്കാത്ത പ്രൊജക്ടുകൾ | പദ്ധതി ചെലവ് | ശതമാനം |
|---|---|---|---|---|---|
| 158 | 98606627 | 141 | 17 | 71679176 | 73 |

വിവിധ ഫണ്ടുകൾ വകയിരുത്തി ആകെ 158 പ്രൊജക്ടുകൾക്കാണ് സാമ്പത്തിക വർഷത്തിൽ അംഗീകാരം ലഭിച്ചത്. ആയതിൽ 141 പ്രൊജക്ടുകൾക്ക് സാമ്പത്തിക വർഷത്തിൽ തുക വിനിയോഗിച്ചിട്ടുണ്ട്. സാമ്പത്തിക വർഷം വിവിധ പ്രൊജക്ടുകൾക്കായി 98606627 /- രൂപ വകയിരുത്തിയതിൽ 71679176 രൂപ മാത്രമേ പ്രൊജക്ടുകൾക്കായി വിനിയോഗിക്കാൻ കഴിഞ്ഞിട്ടുള്ളൂ.

## 1-6 മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി (MNREGS) അവലോകനം

2021-22 സാമ്പത്തിക വർഷത്തെ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ് പരിശോധിച്ചതിന്റെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

ആകെ വാർഡുകളുടെ എണ്ണം : 18

ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങൾ : 12495

ആകെ രജിസ്റ്റർ ചെയ്ത ഗുണഭോക്താക്കൾ : 4343

100ദിവസം തൊഴിൽ ചെയ്ത ഗുണഭോക്താക്കൾ : 520

2021-22 സാമ്പത്തിക വർഷത്തെ ആകെ ചെലവ് : 37709694/-

ചെലവ് വിവരം

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 8575/- | 708364/- | 716939/- | 715177/- | 1762/- |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | -- | 36994518/- | 36994517/- | 36994517/- | -- |

ഭരണസമിതിയുടെ 08/01/2021 തിയ്യതിലെ 11/21 നമ്പർ തീരുമാന പ്രകാരം 327 പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. ഇതിൽ തൻവർഷം 195 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇനം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| പ്രവൃത്തികൾ | എണ്ണം |
|---|---|
| ഭവനം | 51 |
| കിണർ | 10 |
| തൊഴുത്ത് | 7 |
| ടോയിലറ്റ് | 5 |
| കോഴിക്കൂട് | 4 |
| മിനി സ്റ്റേഡിയം | 1 |
| MCF | 3 |
| മണ്ണ്, ജല സംരക്ഷണം | 63 |
| റോഡ്/നടപ്പാത പൊതു ആസ്തി നിർമ്മാണം | 16 |
| കുളം | 1 |
| തരിശ് ഭൂമി | 3 |
| ആട്ടിൻ കൂട് | 22 |
| സോക്ക് പിറ്റ് | 2 |
| കമ്പോസ്റ്റ് പിറ്റ് | 1 |

| | |
|---|---|
| കയ്യാല | 3 |
| വർക്ക് ഷെഡ് | 1 |
| ടാങ്ക് | 2 |
| ആകെ | 195 |

## 1-7 ക്ഷേമ പദ്ധതികൾ

സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 5280 | 5 |
| കർഷക തൊഴിലാളി പെൻഷൻ | 5311000 | 3918 |
| വിധവാപെൻഷൻ | 20823600 | 13781 |
| ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 35146800 | 25235 |
| ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 5780000 | 3731 |
| 50 വയസ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 2876800 | 1983 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 360000 | 12 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.10.2022 ന് 10.30 Am മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,75,611/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഏതൊരു സ്ഥാപനത്തിന്റെയും ഭരണപരമായ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ട് കൊണ്ടു പോകുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അനിവാര്യമാണ്. ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലകളിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെട്ട രീതിയിൽ നിലനിർത്തുന്നതിനായി ഗ്രാമപഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ, ഡി.സി.ബി. ഇനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ, അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടുണ്ട്. ഫയലുകളുടെയും രജിസ്റ്ററുകളുടെയും സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്. എന്നാൽ ഔട്ട് ഡോർ കളക്ഷന് വേണ്ടി ഉപയോഗിക്കുന്ന രശീതി പുസ്തകങ്ങളിൽ പേജുകളുടെ എണ്ണം സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷകളിൽ സമയബന്ധിതമായി നടപടികൾ സ്വീകരിക്കുകയും പെൻഷനുകൾ യഥാസമയം ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട് എന്നത് പ്രശംസനീയമാണ്.

മതിയായ രീതിയിൽ ജീവനക്കാരില്ലാത്തതിനാൽ ഓഫീസ് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പ്രയാസങ്ങൾ സെക്രട്ടറി ഓഡിറ്റ് ബാച്ചിനെ അറിയിക്കുകയുണ്ടായി. 17.94 ച.കി.മീ. ചുറ്റളവിനാലും കോഴിക്കോട് കോർപ്പറേഷനോട് ചേർന്ന് കിടക്കുന്നതുമായ ഗ്രാമപഞ്ചായത്തിൽ 18 വാർഡുകളാണുള്ളത്. കോർപ്പറേഷന്റെ അതിര് പങ്കിടുന്ന പഞ്ചായത്തായതിനാൽ കെട്ടിട നിർമ്മാണാനുമതി, നമ്പറിംഗ് എന്നിവ കൂടുതലായി വരുന്നതിനാൽ ആയത് കൃത്യ സമയത്തിനുള്ളിൽ തീർപ്പാക്കുവാൻ സാധിക്കാതെ വരുന്നതായി സെക്രട്ടറി അറിയിച്ചു. ഗ്രാമപഞ്ചായത്തിന് അനുവദനീയമായ ജീവനക്കാരുടെ എണ്ണം 15 ആണ്. ഇതിൽ 9 പേരാണ് ക്ലറിക്കൽ ജോലിയ്ക്കായുള്ളത്. ഇവരിൽ 2 പേർ ലീവിലും ആണ്. പകരം ജോലിക്ക് ഒരു ആളെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം നിയമിച്ചിട്ടുണ്ടെങ്കിലും കെട്ടിട നിർമ്മാണ പെർമിറ്റ്, കെട്ടിട നമ്പറിംഗ്, ജമമാറ്റം, പെർമിറ്റ് പുതുക്കൽ, വാർഷിക പദ്ധതി തയ്യാറാക്കൽ, വിവിധ പെൻഷനുകൾക്കുള്ള അപേക്ഷകൾ, വിവിധ ലൈസൻസുകൾ, സർട്ടിഫിക്കറ്റുകൾ എന്നിവ അനുവദിക്കൽ തുടങ്ങിയ ജോലികൾക്കു പുറമെ അധിക പ്രവർത്തനങ്ങളായ വാതിൽപ്പടി സേവനം, ശുചിത്വ പദ്ധതികൾ, പ്ലാസ്റ്റിക് നിരോധനം, തെരുവുനായ നിയന്ത്രണം, ഡിജിറ്റൽ സർവ്വേ, ജലജീവൻ മിഷൻ, ഹരിത കർമ്മ സേന പ്രവർത്തനങ്ങൾ തുടങ്ങിയ മറ്റു ജോലികളും ചെയ്യേണ്ടി വരുന്നതിനാൽ ആവശ്യത്തിന് ജീവനക്കാരില്ലാത്തത് ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നതായി സെക്രട്ടറി അറിയിക്കുയുണ്ടായി. ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിന് ഉതകുംവിധം ആവശ്യമായ എണ്ണം ജീവനക്കാരെ വിന്യസിപ്പിക്കാൻ നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ടവരുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-10 തനത് ഫണ്ടിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച്

സ്ഥാപനത്തിന്റെ സാമ്പത്തിക നില ആരോഗ്യകരമല്ലെന്ന് വാർഷിക കണക്കുകളും വാർഷിക പദ്ധതിക്കണക്കുകളും സാക്ഷ്യപ്പെടുത്തുന്നു.

2020-21 വാർഷിക പദ്ധതിയിൽ പുതിയ പദ്ധതികൾക്കും, സ്പിൽഓവർ പദ്ധതികൾക്കുംകൂടി 87,66,475/- ലക്ഷം രൂപ തനത് ഫണ്ടിൽ നിന്നും വകയിരുത്തുകയും 63,47,013/-രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. (ആകെ പദ്ധതി ചെലവിന്റെ 9.9%), 2021-22 വാർഷിക പദ്ധതിയിൽ പുതിയ പദ്ധതികൾക്കും,സ്പിൽഓവർ പദ്ധതികൾക്കുംകൂടി 1,07,39,090 രൂപ തനത്ഫണ്ടിൽ നിന്നും വകയിരുത്തുകയും 78,35,460/രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. (ആകെ പദ്ധതി ചെലവിന്റെ 10.9%) തൻവർഷം നികുതി പിരിവ് 100 ശതമാനമാണ് എന്നിരുന്നാൽ തന്നെയും ഇത്രയും തുക പദ്ധതിക്കുവേണ്ടി വകയിരുത്താനുള്ള ശേഷി സ്ഥാപനത്തിന്റെ തനത് ഫണ്ടിനില്ലെന്ന് താഴെ പറയുന്ന വിവരങ്ങൾ സാക്ഷ്യപ്പെടുത്തുന്നു.

| ഇനം | 2020-21 | 2021-22 | വർദ്ധനവ് |
|---|---|---|---|
| നികുതി വരുമാനം | 54,85,618 | 57,73,397 | 2,87,779 |

| | | | |
|---|---|---|---|
| നികുതിയേതര വരുമാനം | 11,41,661 | 14,24,426 | 2,82,765 |

2020-21, 2021-22 വർഷങ്ങളിലെ ലിക്വിഡിറ്റി കൂടിയ ആസ്തി, ബാധ്യതാ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| 2020-21 | | | |
|---|---|---|---|
| ബാധ്യത | | ആസ്തി | |
| ബാലൻസ് ഷീറ്റ് ഷെഡ്യൂൾ നം | തുക | ബാലൻസ് ഷീറ്റ് ഷെഡ്യൂൾ നം | തുക |
| B4-പ്രത്യേക കാര്യങ്ങൾക്ക് | 92,39,908 | B12 | 7,500 |
| B5 | 92,80,829 | B14 | 55,562 |
| B7 | 6,84,934 | B15 | 0 |
| B9 | 15,48,361 | B17 | 1,50,84,184 |
| | | B18 | 6,57,540 |
| ആകെ | 2,07,54,032 | | 1,58,04,786 |

2020-21 സാമ്പത്തിക വർഷം ഉയർന്ന ലിക്വിഡിറ്റിയുള്ള ബാദ്ധ്യത ഉയർന്ന ലിക്വിഡിറ്റിയുള്ള ആസ്തിയേക്കാൾ 49,49,246/- രൂപ കൂടുതലാണ്.

തൻവർഷം ബാദ്ധ്യത ഇല്ലെങ്കിലും തനത് ഫണ്ടിന്റെ മിച്ചം നാമമാത്രം ആണെന്ന് 2021-22 വർഷത്തെ ബാലൻസ് ഷീറ്റ് സാക്ഷ്യപ്പെടുത്തുന്നു. ആയതു പ്രകാരം തനതുഫണ്ടിൽ 4,57,156/- രൂപ മാത്രമേ മിച്ചമുള്ളൂ .

നിലവിലെ ലിക്വിഡിറ്റി കൂടിയ ആസ്തി,ബാധ്യതാ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| 2021-22 | | | |
|---|---|---|---|
| ബാദ്ധ്യത | | ആസ്തി | |
| ബാലൻസ് ഷീറ്റ് ഷെഡ്യൂൾ നം | തുക | ബാലൻസ് ഷീറ്റ് ഷെഡ്യൂൾ നം | തുക |
| B4-പ്രത്യേക കാര്യങ്ങൾക്ക് | 85,34,841 | B12 | 7,500 |
| B5 | 75,79,495 | B14 | 47,262 |
| B7 | 1,86,273 | B15 | 20,849 |

| | | | |
|---|---|---|---|
| B9 | 15,94,724 | B17 | 1,67,66,569 |
| | | B18 | 15,10,309 |
| ആകെ | 1,78,95,333 | | 1,83,52,489 |

18 വാർഡുകളുള്ള ഗ്രാമപഞ്ചായത്തിൽ നിലവിൽ 3 ക്ലർക്കുമാരുടെ തസ്തികയാണ് ഉള്ളത് . ഓരോ ക്ലർക്കിനും 6 വാർഡുകളുടെ ചുമതലയുണ്ട്.പ്രസ്തുത ചുമതലയിൽ നികുതി / നികുതിയേതര വരവിനങ്ങളുടെ പരിശോധനയും പിരിവും ഉൾപ്പെടുന്നുണ്ട് . കൂടാതെ പ്രതിമാസം ശരാശരി പെർമിറ്റിനു വേണ്ടിയുള്ള അപേക്ഷകൾ , നമ്പറിങ്ങിനു വേണ്ടിയുള്ള അപേക്ഷകൾ , ജമമാറ്റം , പെർമിറ്റ് പുതുക്കൽ ,വിവരാവകാശം ,പരാതി , ക്ഷേമപെൻഷൻ അപേക്ഷകൾ എന്നിവയും വരുന്നുണ്ട് . മേൽ ചുമതലകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് പ്രയാസമനുഭവിക്കുന്നതിനാൽ ഫീൽഡ് തല പരിശോധന തീരെ ഇല്ല എന്ന തന്നെ പറയാം . അതുകൊണ്ട് തന്നെ കെട്ടിട നിർമ്മാണ ക്രമവൽകരണം , കെട്ടിടങ്ങളുടെ ഉപയോഗ ക്രമത്തിൽ വരുത്തിയ മാറ്റങ്ങൾ, ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന വ്യാപാര സ്ഥാപനങ്ങൾ , തൊഴിൽ നികുതി യഥാസമയം അടവാക്കാത്ത സ്ഥാപനങ്ങൾ എന്നിവയുടെ വിശദാംശം ഫീൽഡ് തലത്തിൽ പരിശോധിച്ച് നികുതി/ ഫീസ് പിരിവ് ഊർജ്ജിതമാക്കുന്നതിന് പ്രത്യേകം ഉദ്യോഗസ്ഥരെ ലഭ്യമാക്കുന്നതിന് ഭരണസമിതി അടിയന്തിര ശ്രദ്ധ പതിപ്പിക്കേണ്ടതും പദ്ധതി രൂപീകരണവേളയിൽ തനത് ഫണ്ട് വകയിരുത്തുമ്പോൾ തനത്ഫണ്ടിന്റെ നിജസ്ഥിതി മനസ്സിലാക്കി വകയിരുത്താൻ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും, സെക്രട്ടറിയും പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാണ് .

### 1-11 സംരംഭക ലൈസൻസ് -അപാകതകൾ

2021-22 വർഷത്തിൽ സംരംഭക ലൈസൻസിന്റെ വരവുമായി ബന്ധപ്പെട്ട പരിശോധനയുടെ ഭാഗമായി ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)ചട്ടപ്രകാരം ലൈസൻസ് പുതുക്കുന്നതിൽ കാലതാമസം

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങളിലെ, ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിവസം മുമ്പായി സമർപ്പിക്കേണ്ടതാണ്. കൂടാതെ, ചട്ടം 8 പ്രകാരം ഏതൊരു ലൈസൻസിന്റേയും കാലാവധി ആ സാമ്പത്തിക വർഷം അവസാനിക്കുന്നതും, അല്ലാത്തപക്ഷം ലൈസൻസിന്റെ കാലാവധി പ്രസിഡന്റ് ഒരു മുൻ തിയ്യതിയിൽ അതിന്റെ കാലാവധി അവസാനിക്കണമെന്ന് പ്രത്യേക കാരണങ്ങളാൽ കരുതുകയാണെങ്കിൽ അതിൽ പ്രത്യേകം പറയാവുന്ന മുൻ തിയ്യതിയിൽ അവസാനിക്കുന്നതുമാകുന്നു.

2021-22 വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ ലൈസൻസ് പുതുക്കുന്നതിനായുള്ള അപേക്ഷകളും രജിസ്റ്ററും പരിശോധിച്ചതിൽ 673 സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്നതിനും, പുതിയ ലൈസൻസിനുമായി അപേക്ഷിച്ചിട്ടുണ്ട്. മേൽ ചട്ടം പ്രകാരം ഗ്രാമപഞ്ചായത്തിൽ നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എല്ലാം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ 2021 ഫെബ്രുവരി മാസത്തിൽ തന്നെ നൽകേണ്ടതായിരുന്നു. എന്നാൽ ഇവയിൽ 269 എണ്ണം മാത്രമാണ് പുതുക്കുന്നതിനുള്ള അപേക്ഷ ഫെബ്രുവരിയിൽ നൽകിയത്. ബാക്കി സ്ഥാപനങ്ങൾ ഏപ്രിൽ മുതൽ മാർച്ച് വരെയുള്ള മാസങ്ങളിലായാണ് ലൈസൻസ് പുതുക്കിയിട്ടുള്ളത്. സാമ്പത്തിക വർഷം അവസാനിച്ച് പിന്നീട് ലൈസൻസ് പുതുക്കുന്നത് വരെ ഇത്തരം സ്ഥാപനങ്ങൾ നിയമവിരുദ്ധമായാണ് പ്രവർത്തിക്കുന്നത്.

ചട്ടങ്ങളിൽ പറയുന്ന പ്രകാരമല്ലാതെ ലൈസൻസ് പുതുക്കി നൽകിയതിന് വിശദീകരണം നൽകേണ്ടതും, സ്ഥാപനങ്ങൾ നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന തിനുള്ള സാഹചര്യം

ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടി വിശദീകരിക്കേണ്ടതുമാണ്.

2)ഡി &ഒ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1994 ലെ കേരള പഞ്ചായത്ത് നിയമം, വകുപ്പ് 232 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിലെ യാതൊരു സ്ഥലവും പരിസ്ഥിതി, പൊതുസുരക്ഷ, പൊതുജനാരോഗ്യം മുതലായ പൊതു താൽപര്യങ്ങളെ ദോഷകരമായി ബാധിക്കുന്നതോ ശല്യകാരണമായി ഭവിക്കുന്നതോ ആയ വ്യവസായങ്ങൾ, ഫാക്ടറികൾ, വ്യാപാരങ്ങൾ, പണിസ്ഥലങ്ങൾ, മറ്റു സേവനങ്ങൾ എന്നിവക്കായി പൊതുവേയും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള കാര്യങ്ങൾക്കായി പ്രത്യേകിച്ചും, സെക്രട്ടറി നൽകുന്ന ലൈസൻസിലെ വ്യവസ്ഥകൾക്ക് അനുസൃതമായല്ലാതെ ഉപയോഗിക്കാൻ പാടുള്ളതല്ല. സഞ്ചയയിൽ നിന്ന് ലഭ്യമായ കണക്കുകൾ പ്രകാരം വാണിജ്യ/ വ്യാവസായിക ആവശ്യങ്ങൾക്ക് വേണ്ടി ആകെ 2657 കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ചിട്ടുണ്ട്. 2021-22 വർഷത്തിൽ വാണിജ്യ/വ്യാവസായിക കെട്ടിടങ്ങൾ ഉപയോഗിക്കാത്തതിനാൽ ഒഴിവായി കിടക്കുന്നതായി കാണിച്ച് നികുതി ഇളവിന് 132 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. ഓഡിറ്റ് വർഷം 673 പേർക്ക് മാത്രമാണ് ലൈസൻസ് അനുവദിച്ചിരിക്കുന്നത്. ലൈസൻസ് എടുക്കാൻ ബാദ്ധ്യസ്ഥരായ എല്ലാ കെട്ടിടങ്ങളും ലൈസൻസ് എടുക്കാതിരിക്കുമ്പോൾ ലൈസൻസ് ഫീസിനത്തിൽ ലഭിക്കേണ്ടുന്ന തുക പഞ്ചായത്തിന് നഷ്ടമാകുന്നുണ്ട്. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തുന്നതിന് യാതൊരു നടപടിയും ഗ്രാമപഞ്ചായത്ത് സ്വീകരിച്ചതായി കാണുന്നില്ല. വാണിജ്യ/വ്യാവസായിക ആവശ്യങ്ങൾക്കായി കെട്ടിടനമ്പർ നൽകിയ കെട്ടിടങ്ങളിൽ ഭൗതികപരിശോധന നടത്തി ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതും എല്ലാ സ്ഥാപനങ്ങളെയും ലൈസൻസിന്റെ പരിധിയിൽ കൊണ്ടു വന്ന് ലൈസൻസ് ഫീസിനത്തിലെ വരുമാനം വർദ്ധിപ്പിക്കേണ്ടതുമാണ്.

3)ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ-205.ബി പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന മുഴുവൻ വ്യാപാര സ്ഥാപനങ്ങളുടെയും നടത്തിപ്പുകാരുടെയും വിവരങ്ങളടങ്ങിയ പട്ടിക വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. എന്നാൽ സ്ഥാപനത്തിൽ ഇപ്രകാരം വിവര ശേഖരണം നടത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( ഓഡിറ്റ് എൻക്വയറി നം-8/21-22 തിയ്യതി-21.10.22 ) മറുപടി ലഭ്യമാക്കിയിട്ടില്ല. 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 1-9 പരാമർശത്തിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് സംബന്ധിച്ച് പരാമർശം നടത്തിയിരുന്നെങ്കിലും ആയത് പരിഹരിക്കുന്നതിന് സ്ഥാപനം നടപടികളൊന്നും തന്നെ കൈക്കൊണ്ടതായി കാണുന്നില്ല.

മേൽ പരാമർശിച്ച അപാകതകൾ പരിഹരിക്കുന്നതിന്, കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 205.ബി പ്രകാരം (തൊഴിൽ നികുതി) വാണിജ്യ-വ്യവസായാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ ഉടമകൾക്കും നോട്ടീസ് നൽകിയും വിവരശേഖരണം നടത്തിയും, ഫീൽഡ് തല അന്വേഷണത്തിലൂടെയും ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും, 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളുടെ പരിധിയിൽ ഉൾപ്പെടുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തു എന്നത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതുമാണ്.

1-12 250 ചതുരശ്ര മീറ്ററിനു മുകളിൽ പാർപ്പിടാവശ്യത്തിനായുള്ള കെട്ടിടങ്ങളുടെ തറ നിർമ്മിതി പരിശോധിച്ച് നികുതി വർദ്ധനവുണ്ടോ എന്നുറപ്പ് വരുത്തേണ്ടതാണ്

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 203, 208 വകുപ്പ്, 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും, സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങൾ പ്രകാരം അതതു പഞ്ചായത്ത് പ്രദേശത്തുള്ള കെട്ടിടങ്ങൾക്ക് വസ്തുനികുതി ചുമത്തുന്നതിനെ കുറിച്ച് പ്രതിപാദിക്കുന്നു.

പ്രസ്തുത ചട്ടങ്ങളിലെ പട്ടിക 6, കെട്ടിടത്തിന്റെ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള നികുതി ഇളവ്/വർദ്ധനവിനെ കുറിച്ചാണ്. ഇതിൽ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് തുടങ്ങിയവയ്ക്ക് 15% വർധനവുണ്ട്.

വസ്തുനികുതി പരിശോധിച്ചതിൽ 250 ചതുരശ്ര മീറ്ററിനു മുകളിൽ പാർപ്പിടാവശ്യത്തിനായുള്ള കെട്ടിടങ്ങൾ 185 എണ്ണമാണുള്ളത്. ഇതിൽ തറ നിർമ്മിതി സാധാരണ തറ, എന്ന് നൽകി നികുതിയിൽ വർദ്ധനവില്ലാത്ത കെട്ടിടങ്ങളിൽ ചിലത് താഴെ പട്ടികയിൽ ചേർക്കുന്നു.

| കെട്ടിട നം. | കെട്ടിട ഉടമയുടെ പേര്, വിലാസം | കെട്ടിടത്തിന്റെ വിസ്തീർണ്ണം |
|---|---|---|
| 17/331 C To M | മാമുക്കോയ.കെ.പി, കട്ടയാട്ട് പറമ്പത്ത്, ചെലവൂർ-673571. | 743.26 ച.മീ |
| 8/303 H To M | സെയ്തലവി, ഇരിപ്പോടം മണ്ണിൽ, കോണോട്ട്-673571 | 531.93ച.മീ |

വസ്തുനികുതി നിർണ്ണയം സംബന്ധിച്ചുള്ള സെക്രട്ടറിയുടെ ചുമതലകളിൽ (ചട്ടം 12) ഏതൊരു കെട്ടിടത്തെ സംബന്ധിച്ചും ബന്ധപ്പെട്ട സ്ഥലത്ത് പോയി വിവരങ്ങൾ ശേഖരിച്ച് അന്വേഷണം നടത്തുവാൻ സെക്രട്ടറി ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തേണ്ടതാണ്. കൂടാതെ ചട്ടങ്ങൾക്ക് അനുസൃതമായി വസ്തുനികുതി നിർണ്ണയം നടത്തേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്.

250 ചതുരശ്ര മീറ്ററിനു മുകളിലുള്ള കെട്ടിടങ്ങൾ പരിശോധിച്ച് തറ നിർമ്മിതി സാധാരണ തറയാണോ എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. അല്ലാത്തപക്ഷം തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് തുടങ്ങിയവയ്ക്ക് ചുമത്താവുന്ന 15% വർധന ചുമത്തി നികുതി നിർണയിക്കേണ്ടതാണ്.

മേൽത്തരം തറയോടുകൂടിയ (മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് തുടങ്ങിയവയ്ക്ക്) 250 ച.മീ മുകളിൽ വിസ്തീർണ്ണമുള്ള ഒരു കെട്ടിടം വ്യത്യസ്ത മുറികളായി തിരിച്ച് നമ്പറിടുമ്പോൾ മേൽത്തരം തറ എന്ന് സഞ്ചയ സോഫ്റ്റ് വെയറിൽ സെലക്ട് ചെയ്താലും ബാധകമായ 15% വർധനവ് കാണിക്കുന്നില്ല. ആയതിനാൽ വലിയ തോതിൽ നികുതി ചോർച്ച സംഭവിക്കുന്നുണ്ട്. ആയത് അധികാരികളെ അറിയിച്ച് സോഫ്റ്റ് വെയറിലെ ഈ അപാകത പരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. നികുതി നിർണ്ണയത്തെ സമൂലമായി ബാധിക്കുന്നതും സ്ഥാപനത്തിന് നഷ്ടം വരുത്തുന്നതുമായ സാങ്കേതിക പ്രശ്നം ജീവനക്കാരുടേയോ, മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥരുടേയോ ശ്രദ്ധയിൽ പെടാത്തത് ഗുരുതരമായ വീഴ്ചയാണ്.

## 1-13 സഞ്ചയ സോഫ്റ്റ് വെയറിൽ റോഡുകൾ രേഖപ്പെടുത്തിയത് അപൂർണ്ണം

സഞ്ചയ സോഫ്റ്റ് വെയറിൽ സ്ഥാപനത്തിലെ 176 റോഡുകളുടെ പേരുവിവരം മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ സ്ഥാപനത്തിന്റെ ആസ്തി രജിസ്റ്റർ പ്രകാരം 590 റോഡുകൾ സ്ഥാപനത്തിലുണ്ട്. നികുതി നിർണ്ണയിക്കുമ്പോൾ ഓരോ വാർഡിലേയും മുഴുവൻ റോഡുകളുടെയും

പേരുകൾ ഫീൽഡിൽ ഓപ്ഷനായി വരുന്നില്ല. ഇത്തരം സാഹചര്യത്തിൽ നികുതി നിർണ്ണയം നടത്തുന്ന ക്ലാർക്കുമാർ 'മറ്റുള്ളവ' എന്ന് ഓപ്ഷൻ തെരെഞ്ഞെടുക്കുകയും അവിടെ റോഡിന്റെ പേര് മാന്വലായി രേഖപ്പെടുത്തുകയുമാണ് ചെയ്തു വരുന്നത്.

ഇതിനു താഴെയായി വരുന്ന റോഡിന്റെ തരം എന്ന ഫീൽഡിൽ നാല് ഓപ്ഷനുകൾ വരുന്നുണ്ട്. വീതി അഞ്ച് മീറ്ററിന് മുകളിൽ, ഒന്നര മീറ്ററിനും അഞ്ച് മീറ്ററിനും ഇടയിൽ, ഒന്നര മീറ്ററിൽ കുറവ്, പൊതുവഴി ഇല്ലാത്തത് എന്നിവയാണ് ഈ ഓപ്ഷനുകൾ. നികുതി നിർണ്ണയം നടത്തുന്ന ജീവനക്കാർ, ആദ്യ ഫീൽഡിൽ രേഖപ്പെടുത്തിയ റോഡ്, മേല്പറഞ്ഞതിൽ ഏതു തരമാണെന്ന് ഒന്നുകിൽ സ്വയം തീരുമാനിക്കുകയോ, അല്ലെങ്കിൽ സമർപ്പിച്ച സൈറ്റ് പ്ലാനിൽ രേഖപ്പെടുത്തിയ വീതി സ്വീകരിക്കുകയോ ചെയ്യുന്നതായി സഞ്ചയയിൽ കെട്ടിട നമ്പർ അനുവദിച്ച വിവിധ ഫയലുകൾ പരിശോധിച്ചതിൽ വ്യക്തമാവുന്നുണ്ട്. മിക്ക റോഡുകളും ഒന്നര മീറ്ററിനും അഞ്ച് മീറ്ററിനും ഇടയിൽ എന്ന ഓപ്ഷനാണ് തെരഞ്ഞെടുക്കപ്പെടുന്നതെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ഇപ്രകാരം റോഡിന്റെ തരം നിശ്ചയിക്കുന്നത് സ്ഥാപനത്തിന് നികുതി നഷ്ടം സംഭവിക്കുന്നതിന് കാരണമാകുന്നുണ്ടെന്ന് കാണാം. 2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തുനികുതിയും സേവന ഉപനികുതിയും ചട്ടങ്ങൾ, ചട്ടം6, പട്ടിക 2 പ്രകാരം അഞ്ച് മീറ്ററിൽ കൂടിയ റോഡുകളിൽ നിന്ന് പ്രവേശനമുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന നികുതിക്ക് മേൽ 20 ശതമാനത്തിന്റെ വർദ്ധന ഉണ്ടാകും എന്നതാണ് ഇതിന് കാരണം. കൂടാതെ ഒന്നര മീറ്ററിൽ കുറവുള്ള റോഡുകൾ, പൊതുവഴിയില്ലാത്തവ എന്നിവ പ്രസക്തമാകുന്ന കെട്ടിടങ്ങൾക്ക് അടിസ്ഥാന നികുതിയിൽ നിന്നും യഥാക്രമം 10 ശതമാനത്തിന്റേയും 20 ശതമാനത്തിന്റേയും കുറവ് വരുന്നുമുണ്ട്. യഥാർത്ഥത്തിൽ സ്വീകരിക്കേണ്ട അഞ്ച് മീറ്ററിൽ കൂടതലുള്ള റോഡുകൾക്ക് പകരം, അതിൽ താഴെയുള്ള ഇനങ്ങൾ തെരെഞ്ഞെടുക്കുമ്പോൾ 20 ശതമാനത്തോളം നികുതി നഷ്ടം സംഭവിക്കുന്നതായി കാണാം.

അപാകത പരിഹരിക്കുന്നതിന് മുഴുവൻ റോഡുകളുടെയും വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തേണ്ടതും മുൻകാലങ്ങളിൽ നികുതി നിർണ്ണയിച്ച കെട്ടിടങ്ങളിൽ റോഡിന്റെ തരം രേഖപ്പെടുത്തിയത് വഴി നികുതി നഷ്ടം ഉണ്ടായിട്ടുണ്ടോ എന്നത് പരിശോധിക്കേണ്ടതും അപ്രകാരം നികുതി നഷ്ടം സംഭവിച്ചിട്ടുണ്ടെങ്കിൽ നികുതി പുനർനിർണ്ണയിച്ച് കെട്ടിട ഉടമയിൽനിന്നും ഈടാക്കേണ്ടതുമാണ്.

## 1-14 കെട്ടിട നിർമ്മാണ നിയന്ത്രണം- അപാകതകൾ

കെട്ടിട നിർമ്മാണ നിയന്ത്രണവുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ നിന്നും കെട്ടിട നിർമ്മാണ നിയന്ത്രണവുമായി ബന്ധപ്പെട്ട് സ്ഥാപനത്തിൽ നിലനിൽക്കുന്ന പൊതു അപാകതകൾ ചുവടെ ചേർക്കുന്നു.

### കാലപരിധി പിന്നിട്ട പെർമിറ്റുകളെ നിരീക്ഷിക്കുന്നതിനുള്ള സംവിധാനമില്ല .

കാലപരിധി പിന്നിട്ട പെർമിറ്റുകളെ യഥാസമയം തിരിച്ചറിഞ്ഞ് നടപടികൾ സ്വീകരിക്കുന്നതിന് സഹായകമാകുന്ന ഒരു സംവിധാനം ഗ്രാമപഞ്ചായത്തിൽ നിലവിലില്ല. അതത് വർഷങ്ങളിലെ പെർമിറ്റ് രജിസ്റ്ററുകളിൽ നിന്നും കാലപരിധി പിന്നിട്ട പെർമിറ്റുകളെ സംബന്ധിച്ച വിവരശേഖരണം നടത്തി ഫീൽഡ് തല പരിശോധന നടത്തി തുടർനടപടികൾ സ്വീകരിക്കുന്നതിൽ സ്ഥാപനം ശ്രദ്ധ ചെലുത്തിയിട്ടില്ല. കെട്ടിട നിർമ്മാണ നിയന്ത്രണവുമായി ബന്ധപ്പെട്ട സങ്കേതം സോഫ്റ്റ്‌വെയറിലും മേൽ ച്ചുമതല നിർവ്വഹിക്കുന്നതിന് സഹായകമാകുന്ന ഒരു നിരീക്ഷണ സംവിധാനമോ ഇത് സംബന്ധിച്ച ഒരു റിപ്പോർട്ടോ ഏർപ്പെടുത്തിയിട്ടില്ല. സ്ഥാപനത്തിൽ പെർമിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കെട്ടിടങ്ങൾ നിർമ്മാണം പൂർത്തീകരിക്കുമ്പോഴോ പുതുക്കുമ്പോഴോ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല. ഇതുകൊണ്ട് തന്നെ പെർമിറ്റ് കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കുകയോ പുതുക്കുകയോ ചെയ്യാത്ത പെർമിറ്റുകൾ നിരീക്ഷണ വിധേയമാക്കാനോ അനധികൃത നിർമ്മാണമുണ്ടെങ്കിൽ നടപടികൾ സ്വീകരിക്കാനോ കഴിയുന്നില്ല. നിലവിലുള്ള കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കലിനുള്ള പെർമിറ്റുകളുടെ കാര്യത്തിൽ പ്രത്യേകിച്ചും പൂർത്തീകരണ വിവരം

ഗ്രാമപഞ്ചായത്തിനെ അറിയിക്കേണ്ടത് കെട്ടിട ഉടമയെ സംബന്ധിച്ച് അത്യാവശ്യമായ കാര്യമല്ലാത്തതിനാൽ കംപ്ലീഷൻ പ്ലാൻ സമർപ്പിക്കണമെന്നില്ല. എന്നാൽ സ്ഥാപനത്തെ സംബന്ധിച്ചിടത്തോളം പഴയനിരക്കിൽ കണക്കാക്കിയ നികുതിക്ക പകരം കെട്ടിടത്തിന്റെ മുഴവൻ പുതിയ നിരക്കിൽ നികുതി കണക്കാക്കി ഈടാക്കാനുള്ള സാധ്യതയുണ്ടാകുന്നു. ഇത്തരം കെട്ടിടങ്ങളുടെ കാര്യത്തിൽ പെർമിറ്റ് കാലാവധിക്കു ശേഷം സൈറ്റ് പരിശോധന നടത്തിയാൽ മാത്രമാണ് നിജസ്ഥിതി കണ്ടെത്താനാവുക. രജിസ്റ്റർ പൂർണ്ണമല്ലാത്തതിനാൽ ഇത്തരം പരിശോധന നടത്തപ്പെടാത്തതും നികുതി ഇനത്തിൽ വൻതുക സ്ഥാപനത്തിന് നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയുമാണ്. മേൽ അപാകത മൂലം കാലപരിധി പിന്നിട്ടതും നിർമ്മാണം പൂർത്തീകരിച്ചതും എന്നാൽ പൂർത്തീകരണ സാക്ഷ്യപത്രം സമർപ്പിക്കാത്തതുമായ കെട്ടിട ഉടമകളെ കണ്ടെത്തി യഥാസമയം നടപടി സ്വീകരിക്കുവാൻ സ്ഥാപനത്തിന് സാധിക്കുന്നില്ല.

അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല( ഓഡിറ്റ് എൻക്വയറി നം- 10/21-22 തിയ്യതി-21.10.22)

മേൽ അപാകതകൾ പരിഹരിച്ച് ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാക്കിയിട്ടുള്ള കെട്ടിടനിർമ്മാണ നിയന്ത്രണ ചുമതല നിർവ്വഹിക്കുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1. കാലപരിധി പിന്നിട്ടതും നാളിതുവരെ പൂർത്തീകരണ സാക്ഷ്യപത്രം സമർപ്പിക്കാത്തതുമായ പെർമിറ്റുകളെ പെർമിറ്റ് രജിസ്റ്ററിനെ അടിസ്ഥാനപ്പെടുത്തി കണ്ടെത്തി പട്ടിക തയ്യാറാക്കേണ്ടതും പ്രസ്തുത നിർമ്മാണങ്ങളുടെ തത്സ്ഥിതി ഫീൽഡ്തല പരിശോധനയിലൂടെ നിരീക്ഷിക്കേണ്ടതുമാണ്.
2. അനധികൃത നിർമ്മാണങ്ങൾ, പെർമിറ്റിൽ നിന്നും വ്യതിചലിച്ചുള്ള നിർമ്മാണങ്ങൾ എന്നിവ യഥാസമയം കണ്ടെത്തി നടപടികൾ സ്വീകരിക്കുന്നതിനും നിർമ്മാണാനന്തരമുള്ള സങ്കീർണ്ണതകൾ ഒഴിവാക്കുന്നതിനുമായി ഫീൽഡ്തല പരിശോധനാ ചുമതലയുള്ള ജീവനക്കാരുടെ ചുമതലകൾ പുനക്രമീകരിക്കേണ്ടതാണ്.
3. കേരള പഞ്ചായത്ത്‌രാജ് നിയമം 235 എ.എ പ്രകാരം ക്രമവൽക്കരണ നമ്പർ അനുവദിച്ച കെട്ടിടങ്ങളിന്മേൽ കേരള പഞ്ചായത്ത് രാജ് നിയമം 235 ഡബ്ല്യു പ്രകാരം തുടർ നടപടി സ്വീകരിക്കേണ്ടതാണ്.
4. ഓഡിറ്റ് പരാമർശങ്ങളിന്മേൽ നടപടി സ്വീകരിക്കുകയോ മറുപടി ലഭ്യമാക്കുകയോ ചെയ്യാത്തതിന്റെ കാരണം ഭരണസമിതി പരിശോധിക്കേണ്ടതാണ്.

## 1-15 തൊഴിൽ നികുതി

കുരുവട്ടൂർ പഞ്ചായത്തിലെ തൊഴിൽ നികുതിയുടെ ഡിമാന്റ് രജിസ്റ്റർ, റിട്ടേൺസ് എന്നിവ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

(1) ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയതിലെ അപാകതകൾ

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205 ഐ പ്രകാരം, ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഡിമാൻഡ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. പഞ്ചായത്തിൽ ഇപ്രകാരം രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും മുഴുവൻ കച്ചവടസ്ഥാപനങ്ങളും അതിൽ ഉൾപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നില്ല. അതുകൊണ്ടുതന്നെ 2021-22 സാമ്പത്തിക ത്തിലെ വർഷത്തെ കച്ചവടക്കാരുടെ തൊഴിൽ നികുതി ഇനത്തിലെ ഡിമാന്റ്, കളക്ഷൻ എന്നിവയുടെ കൃത്യത ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല

(2)മുഴുവൻ വാണിജ്യ കെട്ടിടങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.

സഞ്ചയ അസസ്മെന്റ്, ഡിമാന്റ് എന്നിവ പ്രകാരം ഓഡിറ്റ് വർഷത്തിൽ 2657 കെട്ടിടങ്ങൾ വാണിജ്യപരമായ ആവശ്യങ്ങൾക്ക് നികുതി നിർണ്ണയിക്കപ്പെട്ടവയാണ്. 2021-22 വർഷത്തിൽ 132

വാണിജ്യ കെട്ടിടങ്ങൾക്ക് വേക്കൻസി റെമിഷൻ അനുവദിച്ചിട്ടുണ്ട്. 440 കെട്ടിടങ്ങളുടെ നികുതി എഴുതി തള്ളിയിട്ടുണ്ട്. (Demolished) അതുകൊണ്ട് തന്നെ 2085 കെട്ടിടങ്ങളിൽ വിവിധ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനുള്ള സാധ്യത നിലനിൽക്കുന്നു. മുഴുവൻ കെട്ടിടങ്ങളിൽ നിന്നും തൊഴിൽ നികുതി ലഭ്യമാവുന്നു എന്ന് ഉറപ്പുവരുത്തിയിട്ടില്ല. ഉദാഹരണമായി കെട്ടിടനികുതിയുടെ ന്യൂബിൽഡിംഗ് രജിസ്റ്റർ, സഞ്ചയ എന്നിവ പ്രകാരം ശ്രീ. മാമുക്കോയ കെ.പി. ശ്രീ സെയ്തലവി എന്നിവരുടെ ഉടമസ്ഥതയിലുള്ള രണ്ട് കെട്ടിടങ്ങളാണ് യഥാക്രമം 17/331 C മുതൽ M. വരെയുള്ളതും, 8/303 H മുതൽ M- വരെയുള്ളതും. പ്രസ്തുത കെട്ടിടങ്ങൾ ഉടമസ്ഥൻ വാടകയ്ക്ക് നൽകിയതാണോ എന്നും അതിൽനിന്നും തൊഴിൽനികുതി ലഭ്യമാവുന്നുണ്ടോ എന്നും പരിശോധിക്കാനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ഇതുപോലെയുള്ള മറ്റ് കെട്ടിടങ്ങളുടെ വിവരങ്ങൾ ഫീൽഡ് പരിശോധന നടത്തി തൊഴിൽനികുതിയുടെ ഡിമാന്റ് വർദ്ധിപ്പിക്കാനുള്ള നടപടി പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. കൂടാതെ ഡി & ഒ രജിസ്റ്റർ പ്രകാരം 673 സ്ഥാപനങ്ങളിൽ നിന്നും മാത്രമാണ് തൊഴിൽനികുതി ഈടാക്കിയിട്ടുള്ളത്. അതുകൊണ്ട് തന്നെ കേരള പഞ്ചായത്ത് രാജ് ചട്ടം 10 പ്രകാരമുള്ള നടപടികൾ ഇവിടെ സ്വീകരിച്ചിട്ടില്ല. കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205 ബി പ്രകാരം സെക്രട്ടറിയ്ക്ക് ഏതെങ്കിലും കെട്ടിടത്തിന്റെ ഉടമയോടോ, കൈവശക്കാരനോടോ, ഹോട്ടൽ, ലോഡ്ജ് നടത്തിപ്പുകാരോടോ അവരുടെ കെട്ടിടത്തിലോ മുറിയിലോ താമസിക്കുന്നവരെ കുറിച്ചും അവരുടെ തൊഴിലിനേയോ ഉദ്യോഗത്തേയോ കലയെയോ സംബന്ധിച്ചും വാടകയെക്കുറിച്ചും രേഖാമൂലമുള്ള ഒരു ലിസ്റ്റ് സമർപ്പിക്കുവാൻ ആവശ്യപ്പെടാവുന്നതാണ്. പഞ്ചായത്തിൽ ഇപ്രകാരമുള്ള നടപടി സ്വീകരിച്ചതിന്റെ രേഖകൾ ലഭ്യമല്ല.

3).കരാറുകാരിൽനിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.

ഓഡിറ്റ് വർഷത്തിൽ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ കീഴിൽ വരുന്ന വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ 13 കരാറുകാർ, തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായ 3 കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല .

പഞ്ചായത്തിന് അർഹതപ്പെട്ട മുഴുവൻ സ്രോതസ്സിൽനിന്നും തൊഴിൽ നികുതിയുടെ ഡിമാന്റ് കണ്ടെത്തുന്നതിൽ പഞ്ചായത്തിന് വീഴ്ചയുണ്ടായതായി ഓഡിറ്റ് വിലയിരുത്തുന്നു. പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്ന തരത്തിലുള്ള നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമല്ല. അർഹതപ്പെട്ട മുഴുവൻ സ്രോതസ്സിൽനിന്നും തൊഴിൽ നികുതി ഈടാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

## 1-16 അനധികൃത നിർമ്മാണം തുടർ നടപടികൾ സ്വീകരിക്കുന്നില്ല

2021-23 വർഷത്തെ കെട്ടിട നിർമ്മാണ ക്രമവത്കരണ, പൂർത്തീകരണ അപേക്ഷ രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നിന്നും കെട്ടിട നിർമ്മാണം ക്രമവത്കരിക്കുന്നതിന് വേണ്ടി ലഭ്യമായ അപേക്ഷകൾ വിവിധ അപാകതകൾ ചൂണ്ടിക്കാട്ടി നിരസിക്കുകയോ തുടർനടപടികൾ സ്വീകരിക്കാതെ തുടരുകയോ ചെയ്യുന്നതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കറണ്ട് നം, തിയ്യതി | അപേക്ഷയുടെ വിശദാംശം | കെട്ടിടത്തിന്റെ വിനിയോഗതരം | വിസ്തീർണ്ണം | റിമാർക്സ് |
|---|---|---|---|---|---|
| 1 | 1211/22, Dt. 29.11.2021 | സന്തോഷ് . കെ.എം, കുഴിമ്പുറത്ത് | പാർപ്പിടാവശ്യം | 327.36 ച.മീ | 16.03.22 ന് അപേക്ഷ നിരസിച്ചു (ചട്ട വിരുദ്ധം) |
| 2 | 1314/2022, | റഷീദ്, | പാർപ്പിടാവശ്യം | 643.67ച.മീ | 22.06.22ന് |

| | | | | | |
|---|---|---|---|---|---|
| | Dt. 02.03.2022 | കാഞ്ഞിരക്കണ്ടി | | | അപേക്ഷ നിരസിച്ചു (ചട്ട വിരുദ്ധം) |
| 3 | 3870/21, Dt. 14.02.2019 | മനോഹരൻ നായർ, പട്ടരു പാറക്കൽ | പാർപ്പിടാവശ്യം | 93.58 ച.മീ | (ചട്ട വിരുദ്ധം) |

മേൽ കെട്ടിടങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ അനധികൃത നിർമ്മാണ രജിസ്റ്ററിൽ രേഖപ്പെടുത്തി 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ്, സെക്ഷൻ 235 ഡബ്ല്യു പ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയോ U/A നമ്പർ നൽകി പിഴനിരക്കിൽ വസ്തുനികുതി ഈടാക്കുകയോ ചെയ്തിട്ടില്ല.

അനധികൃത നിർമ്മാണങ്ങളെ നിരീക്ഷിക്കുന്നതിന് സഹായകമാകുന്ന വിധത്തിൽ സ്ഥാപനത്തിൽ ഒരു ആഭ്യന്തര നിയന്ത്രണ സംവിധാനം ഒരുക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. സ്ഥാപനത്തിൽ അനധികൃത നിർമ്മാണ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഫീൽഡ്തല പരിശോധനയിലൂടെ അനധികൃത നിർമ്മാണങ്ങളെ പ്രാരംഭഘട്ടത്തിൽ തന്നെ തിരിച്ചറിഞ്ഞ് നടപടി സ്വീകരിച്ച്, നിർമ്മാണ പൂർത്തീകരണത്തിന് ശേഷമുണ്ടാകാനിടയുള്ള സങ്കീർണ്ണതകൾ ഒഴിവാക്കുന്നതിന് സ്ഥാപനത്തിന് സാധിച്ചിട്ടില്ല.

ചട്ടവിരുദ്ധമായി നിർമ്മിച്ച കെട്ടിടങ്ങൾക്കെതിരെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 19, 20 പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതും, കെട്ടിടങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ അനധികൃത നിർമ്മാണ രജിസ്റ്ററിൽ രേഖപ്പെടുത്തി 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ്, സെക്ഷൻ 235 ഡബ്ല്യു പ്രകാരമുള്ള തുടർ നടപടികൾ കൈക്കൊണ്ട് U/A നമ്പർ നൽകി പിഴ നിരക്കിൽ വസ്തു നികുതി ഈടാക്കുകയും ചെയ്യേണ്ടതാണ്. മേൽ കെട്ടിടങ്ങളിന്മേൽ തീർപ്പുകൽപ്പിക്കുന്നതിനായി അദാലത്ത് നടത്തുന്നത് അപേക്ഷകളിന്മേൽ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നതിന് ഉചിതമാവും. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-17 കുടിവെള്ള പദ്ധതികളുടെ മോട്ടോർ സ്ഥാപിക്കൽ - റെയ്ഡ്കോയ്ക്ക് അമിത നിരക്ക് നൽകി

വിവിധ കുടിവെള്ള പദ്ധതികളുടെ മോട്ടോർ സ്ഥാപിച്ചതിന് താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരം തുക വകയിരുത്തി പദ്ധതി രൂപീകരിക്കുകയുണ്ടായി. മോട്ടോറുകളും അനുബന്ധ ഉപകരണങ്ങളും വിതരണം ചെയ്ത് മോട്ടോറുകൾ ഇൻസ്റ്റാൾ ചെയ്യുന്നതിന് റെയ്ഡ്കോയിൽ നിന്നു മാത്രം ക്വട്ടേഷൻ വാങ്ങുകയും അവർ സമർപ്പിച്ച ഇൻവോയ്സ് പ്രകാരമുള്ള തുകയ്ക്ക് സാധനങ്ങൾ വാങ്ങി പദ്ധതി പൂർത്തീകരിക്കുകയുമാണ് ചെയ്തത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം./ പദ്ധതിയുടെ പേര്, ചെലവഴിച്ച തുക | റിമാർക്സ് |
|---|---|---|
| 1 | 183/22<br>നമ്പോലത്തിൽ കുടിവെള്ള പദ്ധതി - മോട്ടോർ സ്ഥാപിക്കൽ | 5DQ/4RAIDCO5HP 3P DOL STD Pumpset - 57120/-<br>5HP Control Panel Board - |

| | | |
|---|---|---|
| | ആകെ ചെലവ് : 192325/- | 28910/-<br>Control Panel Board KIOSK -<br>27140/-<br>Installation Charge - 33040/-<br>മറ്റുള്ളവ (ടാക്സ് ഉൾപ്പെടെ) -<br>46115/- |
| 2 | 164/22<br>നങ്ങോറക്കുന്ന് കുടിവെള്ള പദ്ധതി,<br>ചെലവ് 157864/- | 7DDQ/RAIDCO/7.5HP 3P OWS Pumpset STD- 60480/-<br>7.5HP Control Panel Board -<br>30090/-<br>Installation Charge - 35400/-<br>മറ്റുള്ളവ (ടാക്സ് ഉൾപ്പെടെ) -<br>31894/- |
| 3 | 164/22<br>പെരുന്താട്ട കുന്ന ജലവിതരണ പദ്ധതി<br>ചെലവ് 164134/-/- | 7DDQ/RAIDCO/7.5HP Open Well Submersible Pumpset<br>62720/-<br>7.5HP Control Panel Board -<br>30090/-<br>Installation Charge - 35400/-<br>മറ്റുള്ളവ (ടാക്സ് ഉൾപ്പെടെ) -<br>35924/- |

പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു .

1) മേൽ പ്രവൃത്തിക്ക് മെക്കാനിക്കൽ/ഇലക്ട്രിക്കൽ എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. റെയ്ഡ്കോ ആവശ്യപ്പെട്ട തുക നൽകുകയാണ് ചെയ്തത്.

3) മോട്ടോർ പൊതുവിപണിയിൽ നിന്ന് ടെണ്ടർ/ലിമിറ്റഡ് ടെണ്ടർ മുഖേന വാങ്ങുന്നതിനുള്ള സാധ്യത പർച്ചേസ് കമ്മിറ്റി പരിശോധിച്ചിട്ടില്ല.

4) പ്രവൃത്തിക്ക് ഉപയോഗിച്ച സാധന സാമഗ്രികൾ റെയ്ഡകോ നിർമ്മിച്ചതാണോ എന്നത് വ്യക്തമാക്കിയിട്ടില്ല.

പൊതുവിപണിയിലെ നിരക്ക് പരിശോധിക്കാതെ, ഗ്രാമപഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാകുന്ന തരത്തിൽ പദ്ധതി നടപ്പാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 18.10.2022 ന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. റെയ്ഡ്കോക്ക് അധിക തുക നൽകാൻ ഇടയായിട്ടുണ്ടെങ്കിൽ മേൽ സ്ഥാപനത്തിൽനിന്നും തുക ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

20.10.2022 ന് നടത്തിയ സ്ഥലം പരിശോധനയിൽ നങ്ങോറക്കുന്ന കുടിവെള്ള പദ്ധതിയുടെ മോട്ടോർ നേരിൽ കാണാൻ സാധിച്ചു. മോട്ടോറിൽ ബ്രാന്റ് നെയിം, മറ്റു സ്പെസിഫിക്കേഷനുകൾ എന്നിവ കാണാൻ സാധിച്ചില്ല. നമ്പോലത്തിൽ കുടിവെള്ള പദ്ധതിയുടെ മോട്ടോർ കിണറിനുള്ളിൽ ആയതിനാൽ കാണാൻ സാധിച്ചിട്ടില്ല. 25.3.2022ന് മോട്ടോർ റെയ്ഡ്കോയിൽ നിന്നും വാങ്ങി കിണറിനുള്ളിൽ വെച്ചെങ്കിലും വൈദ്യുതി ലഭിക്കാത്തതിനാൽ ഇതുവരെ പ്രവർത്തനക്ഷമമാക്കിയിട്ടില്ല. വാറണ്ടി കാലാവധിക്കുള്ളിൽ മോട്ടോർ പ്രവർത്തിപ്പിക്കാത്തതിനാൽ ഏതെങ്കിലും തരത്തിലുള്ള അപാകതകൾ പമ്പ് സെറ്റിനുണ്ടായാൽ വിതരണം ചെയ്ത സ്ഥാപനത്തിൽ നിന്നും നഷ്ടപരിഹാരം ലഭിക്കാത്ത സാഹചര്യം ഉണ്ടാകും എന്നതും ആയത് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ ബാധ്യതയായി തീരുമെന്നതും ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽ പെടുത്തുന്നു.

## 1-18 ഹരിത കർമ്മസേനയുടെ പ്രവർത്തനം -അപാകതകൾ

പ്ലാസ്റ്റിക് അജൈവമാലിന്യങ്ങൾ കയറ്റി അയക്കുന്നതിനായി ഓഡിറ്റ് വർഷത്തിൽ താഴെ പറയും പ്രകാരം തുക വിനിയോഗിച്ചിട്ടുണ്ട്.

| ക്രമനം | ചെലവിനം | വൗച്ചർ നം/ബിൽ നം | തുക |
|---|---|---|---|
| 8 | അജൈവ പാഴ്വസ്തുക്കൾ ലോഡാക്കി കയറ്റി അയച്ചതിന് ക്ലീൻ കേരള എന്ന സ്ഥാപനത്തിന് നല്കിയ തുക 87385 10 രൂപ/ കിലോ നിരക്കിൽ | (1)14/21-22 തിയ്യതി-23.03.2022 -71272<br>(2)15/21-22 തിയ്യതി-24.03.2022 -151158<br>(3)16/21-22 തിയ്യതി-26.03.2022 -299484<br>(4)17/21-22 തിയ്യതി-31.03.2022 -509229 | 1031143/- |

| | |
|---|---|
| ആകെ ചെലവ് | 1031143/- |

ആകെ 1031143/- രൂപ അജൈവമാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനാണ് ചെലവഴിച്ചെന്ന് മേൽ വിവരങ്ങൾ വ്യക്തമാക്കുന്നു. ഈയിനത്തിൽ ഭീമമായ ചെലവാണ് സ്ഥാപനത്തിനുണ്ടായിരിക്കുന്നത്. ഇതിലേക്ക് നയിച്ച സാഹചര്യം താഴെ കൊടുക്കുന്നു.

ഹരിതകർമ്മസേന - പ്രവർത്തനം ഫലപ്രാപ്തി കൈവരിക്കുന്നില്ല

സ.ഉ (സാധാ) നം. 2420/തസ്വഭവ/തി.15.07.2017 ഉത്തരവ് പ്രകാരം ഹരിതകേരളം പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കായി രൂപീകരിച്ച ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

അജൈവമാലിന്യങ്ങൾ സ്രോതസ്സിൽ നിന്നും, സൃഷ്ടിക്കുന്നവരുടെ ചെലവിൽ തരംതിരിച്ച് ശേഖരിച്ച്, മൂല്യവർദ്ധിത വസ്തുവായി വരുമാനമാർജ്ജിച്ചു കൊണ്ട് കൈയ്യൊഴിയുന്ന സംവിധാനമായ ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ പൂർണ്ണമായ രീതിയിൽ സ്ഥാപനത്തിൽ നടക്കാത്തതാണ് മാലിന്യ നിർമ്മാർജ്ജനത്തിന് അനാവശ്യമായ ചെലവ് വരാൻ കാരണമായത്. കർമ്മസേനയുടെ ക്യാഷ് ബുക്ക്, കളക്ഷൻ രജിസ്റ്റർ ഉൾപ്പെടെയുള്ള രേഖകൾ പരിശോധിച്ചതിൽ, 2021 ഏപ്രിൽ മുതൽ മാർച്ച് 31 വരെയുള്ള കാലയളവിൽ ആകെ 254820/-രൂപയാണ് സേന പിരിച്ചെടുത്തത്. 32 അംഗങ്ങളുള്ള ഹരിതകർമ്മസേന പ്രവർത്തകർക്ക് ശമ്പള ഇനത്തിൽ 182120രൂപ ചെലവ് വന്നിട്ടുണ്ട്.

12.08.2020-ലെ സ.ഉ(സാ.ധാ) നം.1497/2020 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശുചിത്വ പദവി നിർണ്ണയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. പഞ്ചായത്തുകളുടെ മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വിലയിരുത്തി 100-ൽ 60 മാർക്ക് ലഭിക്കുന്ന പഞ്ചായത്തിന് ശുചിത്വ പദവി ലഭിച്ചതായി കണക്കാക്കും. കുരുവട്ടൂർ പഞ്ചായത്തിന് ശുചിത്വപദവി ലഭിച്ചതായി അറിയിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

യൂസർ ഫീ ഇനത്തിൽ കുരുവട്ടൂർ ഗ്രാമപഞ്ചായത്തിൽ 254820 രൂപയാണ് പിരിച്ചെടുത്തിട്ടുള്ളത്. ഗ്രാമപഞ്ചായത്തിൽ 12500 വാസഗൃഹങ്ങളും 673 സംരംഭക ലൈസൻസ് അനുവദിക്കപ്പെട്ട സ്ഥാപനങ്ങളുമുണ്ട്. ഗ്രാമപഞ്ചായത്തിലെ വീടുകൾ , വാണിജ്യ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും കൃത്യമായ ഇടവേളകളിൽ ഹരിതകർമ്മസേന പ്രവർത്തകർ യൂസർ ഫീ പിരിച്ചെടുത്തിരുന്നുവെങ്കിൽ ഈയിനത്തിൽ ധനകാര്യകമ്മീഷൻ പദ്ധതി വെച്ച് തുക ചെലവഴിക്കേണ്ടിവരില്ലായെന്ന് വ്യക്തമാണ്. എം.സി.എഫ് കേന്ദ്രങ്ങളിൽ വെച്ച് പ്ലാസ്റ്റിക് മാലിന്യങ്ങൾ വേർതിരിച്ച് നൽകിയിരുന്നെങ്കിൽ നല്ല പ്ലാസ്റ്റിക്കിന് ലഭിക്കുമായിരുന്ന വില നഷ്ടമാകുകയും, കൂടുതൽ മാലിന്യങ്ങൾ കയറ്റിയയക്കേണ്ടി വന്നതിനാൽ ഈ ഇനത്തിൽ പഞ്ചായത്തിന് കൂടുതൽ തുക ചെലവഴിക്കേണ്ടി വരികയും ചെയ്തു. സംസ്കരണ കേന്ദ്രത്തിലേക്ക് കൊണ്ടുപോയ മാലിന്യങ്ങൾ റീസൈക്കിൾ ചെയ്തതുമായി ബന്ധപ്പെട്ട രേഖകൾ ഏജൻസി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

സ.ഉ(ആർ.ടി)നം.1496/2020/ തസ്വഭവ 12.08.2020 പ്രകാരം ഹരിത കർമ്മസേനയുടെ പ്രവർത്തനമാർഗ്ഗരേഖ പുറപ്പെടുവിച്ചു. ഇതനുസരിച്ച് അവർ കഴുകി വൃത്തിയാക്കിയ അജൈവമാലിന്യങ്ങൾ കൃത്യമായ ഇടവേളകളിൽ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കേണ്ടതാണ്. ആയതിന് വാഹനസൗകര്യം ഏർപ്പെടുത്തേണ്ടതും അവ സൂക്ഷിക്കുന്നതിനായി വാർഡ് തലത്തിൽ മിനി എം.സി.എഫുകളും സ്ഥാപിക്കേണ്ടതാണ്. മാലിന്യങ്ങൾ കയറ്റി അയച്ച വകയിൽ 2021-22 വർഷത്തിൽ 1031143/- രൂപ ചെലവഴിച്ചിട്ടുണ്ട്(87385 കിലോഗ്രാം). എന്നാൽ വേർതിരിച്ച മാലിന്യങ്ങൾ ക്ലീൻ കേരളയ്ക്ക് നൽകിയത് വഴി ഓഡിറ്റ് വർഷം ആകെ ലഭ്യമായത് 16100/- രൂപ മാത്രമാണ്.

ഓഡിറ്റിന്റെ ഭാഗമായി 21.10.2022 -ന് പറമ്പിൽ ബസാർ അങ്ങാടിയിൽ ബസ് സ്റ്റാന്റിന് സമീപം സ്ഥാപിച്ച എം.സി.എഫിൽ സ്ഥലപരിശോധന നടത്തി. എം.സി.എഫിന് അകത്ത് പുനരുപയോഗ സാധ്യതയില്ലാത്ത അജൈവമാലിന്യങ്ങൾ കൂട്ടിയിട്ടിരിക്കുന്നതായി കണ്ടു. മാലിന്യങ്ങൾ

വേർതിരിക്കുന്നതിന് മതിയായ സൗകര്യം നിലവിൽ ലഭ്യമാക്കിയിട്ടില്ല. കൂടാതെ എം.സി.എഫ് കേന്ദ്രത്തിൽ സൗകര്യങ്ങൾ അപര്യാപ്തമാണ്.ഇലക്ട്രിസിറ്റി കണക്ഷൻ ലഭ്യമാക്കിയിട്ടില്ല.

ഹരിത കർമ്മസേനയുടെ പ്രവർത്തനം വിലയിരുത്തുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നും സോഷ്യൽ ഓഡിറ്റ് നടന്നതായി കാണുന്നില്ല. ഇതിനായി ഒരു സോഷ്യൽ ഓഡിറ്റ് ടീമിനെ തെരഞ്ഞെടുത്ത് പരിശീലനം നൽകേണ്ടതായിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്തിൽ സോഷ്യൽ ഓഡിറ്റ് ടീം രൂപീകരിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല(ഓഡിറ്റ് എൻക്വയറിനം-9/21-22 തിയ്യതി-21.10.2022).ഹരിത കർമ്മസേന അംഗങ്ങൾക്ക് മാലിന്യം ശേഖരിക്കുന്നതിന് ആവശ്യമായ സൗകര്യം ഏർപ്പെടുത്തേണ്ടതും എം.സി.എഫ് കേന്ദ്രത്തിൽ അടിസ്ഥാന സൗകര്യം ലഭ്യമാക്കേണ്ടതുമാണ്.

## 1-19 സ്ട്രീറ്റ് ലൈറ്റ് ചർജ്ജ് - കുടിശ്ശിക സംബന്ധിച്ച്.

കുരുവട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജുമായി ബന്ധപ്പെട്ട അടവ് പരിശോധിച്ചതിൽ വെള്ളിമാട്കുന്ന് ഇലക്ട്രിസിറ്റി സെക്ഷന്റെ കീഴിലുള്ള 1166058026654 എന്ന കൺസ്യൂമർ നമ്പറിലേക്ക് എല്ലാ മാസവും അടയ്ക്കുന്ന 11183/- രൂപയ്ക്ക് പുറമേ 05.09.2021 ന് 89464/- (8 മാസത്തെ, ജൂലായ് 20 മുതൽ ഫെബ്രുവരി 21 വരെ) രൂപയും 25.03.2022 ന് 45329/- രൂപയും അടവാക്കിയതായി കാണുന്നു.

എല്ലാ മാസവും വൈദ്യുതി ചാർജ്ജ് അടച്ചിട്ടും കുടിശ്ശിക വരാനുണ്ടായ സാഹചര്യം വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമല്ല. മറുപടിയുടെ അഭാവത്തിൽ 134793 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-20 സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ – അപാകതകൾ

പ്രൊജക്ട് നമ്പർ 136/21-22
നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

അടങ്കൽ - 34,75,044

ചെലവ് - 32,78,450

| | |
|---|---|
| ബിൽ നമ്പർ 21160352014100957394/17.01.22 | 1475044 |
| തനത് ഫണ്ട് | 984178 |
| തനത് ഫണ്ട് | 819228 |
| ആകെ | 3278450 |

പ്രൊജക്ട് പ്രകാരം നിലവിലുള്ള 1050 തെരുവ് വിളക്കുകള പൊളിച്ചു മാറ്റി 3 വർഷം വാറന്റിയുള്ള പുതിയ 30/35 വാട്ട് എൽ.ഇ.ഡി, 90/100 വാട്ട് എൽ.ഇ.ഡി സ്ഥാപിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. കെ.എസ്.ഇ.ബി.യുമായുള്ള സംയുക്ത പരിശോധനാ റിപ്പോർട്ട് പ്രകാരം 1050 തെരുവ് വിളക്കുകളാണുള്ളതെന്ന് പറയുന്നുണ്ടെങ്കിലും 985 തെരുവ് വിളക്കുകൾ മാറ്റുന്നതിനാണ് യുണൈറ്റഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ്, കൊല്ലവുമായി കരാറിലേർപ്പെട്ടത്.

രണ്ടാം ഘട്ടമായി 358 തെരുവ് വിളക്കുകൾ കൂടി മാറ്റുന്നതിന് കമ്പനിയുമായി കരാറിലേർപ്പെട്ടിട്ടുണ്ട്.

പുതിയവ മാറ്റി സ്ഥാപിക്കുന്നതിന് മുമ്പായി, പഴയവ അഴിച്ചു മാറ്റുന്നതിന് 1 തെരുവ് വിളക്കിന് 100 രൂപ വീതം കമ്പനിക്ക് നൽകേണ്ടതുമാണ്.

അപാകതകൾ

1. സെക്രട്ടറിയുടെ 16.09.2021 ലെ കത്തിൽ കെ.എസ്.ഇ.ബി.യുമായുള്ള സംയുക്ത പരിശോധനാ റിപ്പോർട്ട് പ്രകാരം 1050 തെരുവ് വിളക്കുകളാണുള്ളതെന്ന് പറഞ്ഞിട്ടുണ്ട്. എന്നാൽ പഴയത് പൊളിച്ചു മാറ്റി പുതിയത് സ്ഥാപിച്ചത് 1343 എണ്ണമാണ്. 293 എണ്ണം അധികം സ്ഥാപിച്ചു. ഇത് എങ്ങനെയെന്ന്

വ്യക്തമാക്കിയിട്ടില്ല. സംയുക്ത പരിശോധന നടത്തിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

2. 26.11.2019 ൽ ഇലക്ട്രിക്കൽ ആന്റ് പ്ലംബിംഗ് ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുമായി എ.എം.സി.യിലേർപ്പെടുകയും , ആ വർഷം കേടായ എല്ലാ ലൈറ്റുകളും മാറ്റി സ്ഥാപിക്കുകയും കരാർ പ്രകാരം 3,99,750 രൂപ നൽകുകയും ചെയ്തിട്ടുണ്ട്.

   അടുത്ത വർഷം തന്നെ എല്ലാ തെരുവ് വിളക്കുകളും മാറ്റി സ്ഥാപിക്കാൻ തീരുമാനിച്ചതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുക 3278450 രൂപ തടസത്തിൽ വയ്ക്കുന്നു.

1-21 മരുന്നുകൾ മുഴുവൻ ലഭ്യമായില്ല

പ്രോജക്ട്നം : 47/21-22 ,

അടങ്കൽ : 500000/-മെയിന്റനൻസ് ഫണ്ട്.(നോൺറോഡ്)

ചെലവ് : 500000/-

മേൽ സൂചിപ്പിച്ച പ്രോജക്ട് പ്രകാരം കുരുവട്ടൂർ ഹോമിയോ ഡിസ്പെൻസറികളിലേയ്ക്ക് ഹോമിയോ മെഡിക്കൽ ഓഫീസർ(ഹോമിയോ) നിർവഹണ ഉദ്യോഗസ്ഥനായി മരുന്ന് വാങ്ങുന്നതിനായി ഹോംകോയിലേയ്ക്ക് 500000/- രൂപ കൈമാറിയിട്ടുണ്ട്. ഇതിൽ 316610/ രൂപയുടെ മരുന്നുകൾ മാത്രമാണ് ഓഡിറ്റ് തിയ്യതി വരെ ലഭ്യമായത്. 183390 രൂപയുടെ മരുന്ന് ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കേണ്ടതാണ്.

1-22 അങ്കണവാടികളിൽ അടിസ്ഥാനസൗകര്യങ്ങളുടെ അപര്യാപ്തത

കുരുവട്ടൂർ ഗ്രാമപഞ്ചായത്തിൽ 32 അങ്കണവാടികളാണുള്ളത്. അങ്കണവാടി സൂപ്പർവൈസർ ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം 25 എണ്ണത്തിനാണ് സ്വന്തം കെട്ടിടമുള്ളത്. സ്വന്തമായി കുടിവെള്ള സൗകര്യമില്ലാതെ 5 അങ്കണവാടികൾ നിലവിലുണ്ട്. അതുപോലെ സ്വന്തം കെട്ടിടമുള്ള അങ്കണവാടികളിൽ 4 എണ്ണത്തിന് ചുറ്റുമതിൽ നിർമ്മിച്ചിട്ടില്ല. കൂടാതെ വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന 7 എണ്ണവും ചുറ്റുമതിൽ ഇല്ലാതെയാണ് പ്രവർത്തിക്കുന്നത്. 21-22 സാമ്പത്തിക വർഷത്തിൽ മേൽ സൂചിപ്പിച്ച പ്രശ്നങ്ങൾ പരിഹരിക്കാൻ പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല. ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങളെ കുറിച്ച് ചർച്ചകൾ നടത്തിയിട്ടുണ്ടെങ്കിലും ഓഡിറ്റ് പിരീഡ് വരെ പരിഹാര നടപടികൾ സ്വീകരിച്ചിട്ടില്ല. സ.ഉ(കൈ)നം.11/2018 L.S.G.D Dtd.29-1-18 ലെ 7.8.2 പ്രകാരം അങ്കണവാടികൾക്ക് കെട്ടിടം, കുടിവെള്ളം, ഫർണ്ണിച്ചർ, മറ്റ് ഭൗതിക സാഹചര്യമൊരുക്കൽ എന്നിവ നിർബന്ധിത പ്രോജക്ടുകളാണ്. അപാകതകൾ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

1-23 ആയുർവേദ ഡിസ്പെൻസറി വാടക നൽകൽ – അപാകതകൾ

പ്രൊജക്ട് നമ്പർ 118/21-22

അടങ്കൽ - 1,85,133

ചെലവ് - 1,84,308 തനത്ഫണ്ട്

നിർവ്വഹണോദ്യോഗസ്ഥൻ - സെക്രട്ടറി

2016 ഏപ്രിൽ 28 മുതൽ 2018 ഡിസംബർ 24 വരെ ആയുർവേദ ഡിസ്പെൻസറി വാടക കെട്ടിടത്തിൽ പ്രവർത്തിച്ച വരുന്നതിനാൽ, വാടക നൽകുന്നതിനാണ് പ്രൊജക്ട് തയ്യാറാക്കിയിട്ടുള്ളത്. ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ

1. വാടകയ്ക്ക് കെട്ടിടം എടുക്കുന്നത് സംബന്ധിച്ച ഭരണസമിതി തീരുമാനം ലഭ്യമല്ല.
2. കെട്ടിടം വാടകയ്ക്കെടുക്കുന്നതിന് മുമ്പ് മരാമത്ത് വകുപ്പിൽ നിന്ന് വാടക നിശ്ചയിച്ച് വാങ്ങിയിട്ടില്ല.

3. വാടകക്കാരനുമായി കരാർ ചമച്ചതായി കാണുന്നില്ല.

അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം 11/21.10.22) മറുപടി നൽകിയിട്ടില്ല. മറുപടിയുടെ അഭാവത്തിൽ 183408 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

1-24 വഴിയോര വിശ്രമ കേന്ദ്രം - പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | | | |
|---|---|---|---|
| പ്രോജക്റ്റ് നം./ പേര് (ടേക്ക് എ ബ്രേക്ക്) | 109/22 | പദ്ധതി അടങ്കൽ<br>ചെലവ് | 1899181/-<br>1891817/- |
| | 167/22 | പദ്ധതി അടങ്കൽ<br>ചെലവ് | 627389/-<br>536000/- |
| | 168/22 | പദ്ധതി അടങ്കൽ<br>ചെലവ് | 499966/-<br>499966/- |

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസി. എഞ്ചിനീയർ

സംസ്ഥാന പാതയിലെ വാഹന യാത്രക്കാർക്ക് വിശ്രമിക്കാനും റിഫ്രഷ് ചെയ്യാനുമുതകുന്ന സ്ഥലം എന്ന നിലയിൽ ഒരു വഴിയോര വിശ്രമ കേന്ദ്രമായി ടേക്ക് എ ബ്രേക്ക് എന്ന പേരിൽ ഒരു കെട്ടിടം നിർമ്മിക്കാനാണ് പ്രോജക്റ്റ് തയ്യാറാക്കിയത്. ഇതിനായി 2020-21 വർഷം 239/21 എന്ന പേരിൽ ഒരു പ്രോജക്റ്റ് തയ്യാറാക്കിയെങ്കിലും 2021-22 ൽ 109/22 നമ്പർ പ്രോജക്റ്റ് പ്രകാരമാണ് പദ്ധതി നടപ്പാക്കിയത്. സ്വച്ച് ഭാരത് മിഷന്റെ ഫണ്ടാണ് പദ്ധതിക്കു വേണ്ടി ചെലവഴിച്ചത്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് അപാകതകൾ താഴെ കൊടുക്കുന്നു.

1. 22.10.2022 ന് പ്രസ്തുത കെട്ടിടം ഓഡിറ്റ് ടീം സന്ദർശിച്ചതിൽ സംസ്ഥാന പാതയോരത്തല്ല കെട്ടിടം നിർമ്മിച്ചതെന്ന് ശ്രദ്ധയിൽ പെട്ടു. പറമ്പിൽ ബസാറിൽ നിന്നും പൂളക്കടവ് എന്ന സ്ഥലത്തേക്ക് എത്താനുള്ള ചെറിയ വഴിയിലൂടെ നീങ്ങി പൂനൂർ പുഴയോരത്താണ് കെട്ടിടം നിർമ്മിച്ചിട്ടുള്ളത്. പ്രോജക്റ്റ് ലക്ഷ്യത്തിനു വിരുദ്ധമായി തിരക്കു കുറഞ്ഞ വഴിയിൽ എന്ത് ആവശ്യത്തിനാണ് കെട്ടിടം നിർമ്മിച്ചതെന്ന് വ്യക്തമല്ല.
2. കെട്ടിടം നിർമ്മിച്ച സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല.
3. മേൽ കെട്ടിട നിർമ്മാണത്തിനായി ഒരേ സമയം 3 പ്രോജക്റ്റുകൾ തയ്യാറാക്കിയിട്ടുണ്ട്. 29.1.2018 ലെ സ.ഉ.(കൈ)നം. 11/2018/തസ്വഭവ പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 3.5.1(9) പ്രകാരം കെട്ടിട നിർമ്മാണം അനുബന്ധ സൗകര്യങ്ങളായ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ്, എന്നീ ഘടകങ്ങൾ എല്ലാം ഉൾപ്പെടുത്തി ഒറ്റ പ്രോജക്റ്റായി വേണം പദ്ധതി തയ്യാറാക്കേണ്ടത്. എന്നാൽ ഇതിനു വിരുദ്ധമായി 3 പ്രോജക്റ്റുകൾ തയ്യാറാക്കിയാണ് പദ്ധതി നടപ്പാക്കിയത്.

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് 21.10.2022 ന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത വിഷയം സംബന്ധിച്ച് നിർവ്വഹണഉദ്യോഗസ്ഥനുമായി സംസാരിച്ചതിൽ പറമ്പിൽ ബസാർ - പൂളക്കടവ് - വെള്ളിമാടുകുന്ന് റോഡുകളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് പൂനൂർ പുഴക്കു കുറുകെ ജലസേചന വകുപ്പ് റഗുലേറ്ററി കം ബ്രിഡ്ജിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടെന്നും പ്രസ്തുത പാലം വരുന്നതോടെ ഇപ്പോൾ കെട്ടിടം നിർമ്മിച്ച സ്ഥലം സഞ്ചാരയോഗ്യമാകുമെന്നും കൂടാതെ ഭാവിയിൽ പുഴയിലൂടെ ബോട്ട് സർവീസ്

ആരംഭിച്ച് വിനോദ സഞ്ചാര കേന്ദ്രമായി മാറാൻ സാധ്യതയുണ്ടെന്നും അറിയിച്ചു. ജലസേചന വകുപ്പും ടൂറിസം വകുപ്പും മേൽ പറഞ്ഞ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്ന അവസരത്തിൽ മാത്രമേ ഗ്രാമപഞ്ചായത്ത് ടേക്ക് എ ബ്രേക്ക് എന്ന പേരിൽ നിർമ്മിച്ച കെട്ടിടം കൊണ്ട് പദ്ധതി പ്രകാരം ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കാനാകൂ. അല്ലാത്ത പക്ഷം പ്രസ്തുത കെട്ടിടം നിഷ്ക്രിയ ആസ്തിയായി തീരാൻ സാധ്യതയുണ്ട്. അത്തരത്തിലുള്ള സാഹചര്യം ഒഴിവാക്കി കെട്ടിടം പ്രയോജന പ്രദമാക്കുന്നതിന് ഭരണസമിതി യഥാസമയം ഇടപെടലുകൾ നടത്തേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 2021-22 ഓഡിറ്റ് കാലയളവ് | ഇതേ നമ്പർ സർട്ടിഫിക്കറ്റ് |

### 4-3 സംയുക്ത പ്രൊജക്കുകൾക്ക് ലഭിച്ച ഫണ്ടിൽ ചെലവഴിക്കാൻ ബാക്കിയുള്ള തുകയുടെ വിശദാംശം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| | 2019-20 | | കിണർ റീചാർജ്ജ് | | 22140 |
| | | | കുടിവെള്ള പദ്ധതി | | 300 |
| | | | കുടിവെള്ള | | 4000 |

| | | | | | |
|---|---|---|---|---|---|
| | | | പദ്ധതി | | |
| | | | കുടിവെള്ള പദ്ധതി | | 4000 |
| | | | നെൽകൃഷി കൂലി ചെലവ് | | 5500 |
| | 2019-20 | | ഗ്രോബാഗ് | | 14200 |
| | | | ഗ്രോബാഗ് | | 600 |
| ഗുണഭോക്തൃ വിഹിതം | 2020-21 | 551990 | ജൽജീവൻ മിഷൻ | | 551990 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 2021-22 | | | | 51916 |
| | | | | | 10000 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 2021-22 | | | | 382082 |
| ഗുണഭോക്തൃ വിഹിതം | 2021-22 | 979830 | ജൽജീവൻ മിഷൻ | | 979830 |
| | | | ആകെ | | 2026558 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 7500 |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |

| | |
|---|---|
| ആകെ | 7500 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 7500 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1. | കോഴിക്കോട് ജില്ലാ സഹകരണ ആശുപത്രിയുടെ ഷെയർ നം.2987 | ലഭ്യമല്ല | ലഭ്യമല്ല | 2500 | മേൽ പ്രകാരമുള്ള നിക്ഷേപങ്ങളുടെ സർട്ടിഫിക്കറ്റ് പരിശോധനക്ക് ലഭിച്ചിട്ടില്ല . |
| 2. | കരിപ്പൂർ വിമാനത്താവളം പലിശ രഹിത നിക്ഷേപം | ലഭ്യമല്ല | ലഭ്യമല്ല | 5000 | |
| ആകെ | | | | 7500 | |

## 4-6 വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| ഹഡ്കോ വായ്പാതിരിച്ചടവ് – ലൈഫ് എസ്. സി & ജനറൽ | ജി. ഒ പ്രോജക്ട് | 9280829 | 1701334 | 7579495 |

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹ്യത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 - വകുപ്പ് പ്രകാരമുള്ള സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹ്യത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | | 2003-04 | 11.14 | മണൽ ലേലം ക്രമക്കേട് | മണൽ ലേലം- കോടതി വിധി വരുന്ന മുറയ്ക്ക് നടപടി സ്വീകരിച്ച് റിപ്പോർട്ട ചെയ്യേണ്ടതാണ് (19-21 LFAC Report Para 53) |
| 2000-01 | | 2004-05 (പൊതു പരാമർശം) | 11.1.3.10 | നികുതി പിരിവിൽ അലംഭാവം | |
| 2001-02 | | 2004-05 | 11.1.3.50 | നികുതി പിരിവിൽ അലംഭാവം | |
| 2002-03 | 3-2 | 2006-07 (പൊതു പരാമർശം) | 3.79.5.12 | വാട്ടർ ചാർജ്ജ് | |
| 2002-03 | 3-5 | 2006-07 | 3.79.6.12 | മണൽവിൽപ്പന | |

| | | | | | |
|---|---|---|---|---|---|
| | | (പൊതു പരാമർശം) | | | |
| 2014-15 | 2-2 | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി അപാകതകൾ | |
| 2015-16 | 2-5 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി അപാകതകൾ | |
| 2019-20 | 1-20 | 2020-21 | അനുബന്ധം-2 | MO ഹോമിയോ Payment | |
| 2019-20 | 1-22 | 2020-21 | അനുബന്ധം-2 | MO ആയുർവ്വേദം Payment | |

4-9 ചാർജ് സർചാർജ് നടപടികളിലൂടെ തുകകൾ ഈടാക്കിയതിന്റെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 88506447 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 86824062 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3596651 |

(ബി). പഞ്ചായത്ത്ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെട്ടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 134793/- | സെക്രട്ടറി |
| 1-23 | 183408 | സെക്രട്ടറി |
| 1-20 | 3278450 | സെക്രട്ടറി |
| ആകെ | 3596651 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. റോസമ്മ ജേക്കബ് സെക്രട്ടറി | സെക്രട്ടറി, കുരുവട്ടൂർ ഗ്രാമപഞ്ചായത്ത് | കാവുംവാതുക്കൽ വീട് വേങ്ങേരി. 673010 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1993-94 | കെ.എസ്.എ.കെ.കെ.ഡി/പി3/ 901/18 (1)/21.06.19 | 12 |
| 1994-95 | കെ.എസ്.എ.കെ.കെ.ഡി/പി3/ 901/18 (2)/21.06.19 | 12(ബി), 12(2) എ, 19 (1) (2) (3) (4) |
| 1995-96 | കെ.എസ്.എ.കെ.കെ.ഡി/പി3/ 901/18 (3)/21.06.19 | 18 |
| 1999-00 | കെ.എസ്.എ.കെ.കെ.ഡി/പി3/ 901/18 (5)/21.06.19 | 30(എ), 31, 35, 40, 41 |

| | | |
|---|---|---|
| 2000-01 (Plan) | കെ.എസ്.എ.കെ.കെ.ഡി/പി3/ 901/18 (6)/21.06.19 | 6 |
| 2000-01 | കെ.എസ്.എ.കെ.കെ.ഡി/പി3/ 901/18 (7)/21.06.19 | 3, 4, 5, 6 |
| 2002-03 | കെ.എസ്.എ.കെ.കെ.ഡി/പി3/ 901/18 (9)/21.06.19 | 3-2, 3-5 |
| 2003-04 | കെ.എസ്.എ.കെ.കെ.ഡി/പി3/ 901/18 (10)/21.06.19 | 3-2, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-11, 3-12, 3-13, 3-14 |
| 2004-05 | കെ.എസ്.എ.കെ.കെ.ഡി/പി3/ 901/18 (11)/21.06.19 | 3-3, 3-7 |
| 2005-06 | കെ.എസ്.എ.കെ.കെ.ഡി/പി3/ 901/18 (12)/21.06.19 | 2-3, 3-2, 3-4, 3-7, 3-8, 3-11 |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി/പി3/ 901/18 (13)/21.06.19 | 2-1, 2-6(1), 2-8(3), 3-1, 3-4, 3-7, 3-8, 3-10, 3-12, 3-13, 3-14, 3-15, 3-17, 3-18, 3-20, 3-21 |
| 2008-09 | കെ.എസ്.എ.കെ.കെ.ഡി/പി3/ 901/18 (13)/21.06.19 | 1-1, 1-6, 2-2, 3-1, 3-2, 3-3, 3-5, 3-6, 3-7, 3-9, 3-11, 4-3, 4-6, 4-7 |
| 2009-10 | കെ.എസ്.എ.കെ.കെ.ഡി/പി3/ 2704/18/18.08.19 | 2-2, 2-4, 3-4, 3-5, 3-6, 3-8, 3-9, 3-10, 3-16, 3-17, 3-19, 3-20, 3-21, |
| 2010-11, 2011-12 | എൽ.എഫ്.കെ.കെ.ഡി/പി3/ 54/14 തീയതി 02.05.2014 | 1-5, 2-1, 2-2, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-10, 3-11, 3-12, 3-13,3-14, 3-15 |
| 2012-13 | കെ.എസ്.എ.കെ.കെ.ഡി./പി3/ 1458/15/9.10.15 | 1-1, 1-2, 1-3, 1-6, 2-2, 2-3, 2-4, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 4-1 |
| 2013-14 2014-15 | കെ.എസ്.എ.കെ.കെ.ഡി./പി3/ 1163/16/28.7.17 | 2-1-1, 2-1-2, 2-1-3, 2-1-4, 2-1-5,2-1-6, 2-3-1,2-3-2, 2-4,2-5, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10,3-11, 3-12, 4-9 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി./പി3/ 1942/17/3.1.18 | 2-1, 2-2, 2-3,2-4,2-5, 2-6,2-7, 2-8, 3-1, 3-2, 3-3,3-4-1, 3-4-2, 3-6, 3-7,3-8, 3-9, 3-10, |

| | | |
|---|---|---|
| | | 3-11, 3-12,3-13,<br>3-14,3-15, 3-16,<br>4-9 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി./പി3/<br>1749/2018 തീയതി 06.10.2018 | 2-1-1,2-1-2, 2-1-3, 2-1-4,<br>2-1-6, 2-2, 2-3, 2-5,<br>2-6, 2-7, 2-8, 3-2, 3-4,<br>3-6, 3-7, 3-8,<br>3-10, 4-9 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി./പി3/<br>1473/2019 തീയതി 23.06.2020 | 1-12,2-2,2-3,2-4,3-1,<br>3-4, 3-5, 3-6, 3-8,<br>3-10,3-11,3-13,3-14,3-15,<br>3-16,3-18,3-19, 3-23,3-25 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി./പി3/<br>1410/2020 തീയതി 13.01.2021 | 1-5, 1-7 മുതൽ 1-28 വരെ |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി./പി3/<br>1704/2022 തീയതി 17.09.2022 | 1-2, 1-10, 1-11, 1-13,<br>1-14, 1-16, 1-17, 1-18,<br>1-19, 1-20, 1-22, 1-23,<br>1-25, 1-26, 1-28, 1-29,<br>1-33, 1-34, 2-2, 3-1, 4-11 |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി./പി3/<br>963/2022 തീയതി 25.05.2022 | 1-1 മുതൽ 1-24 വരെ<br>3-1, 3-2 |

Paste

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ കുരുവട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ കുരുവട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്